കൊടുക്കേണ്ടതുമാണ്. അങ്ങനെ കൊന്നാൽ 12 മണിക്കൂറിനുള്ളിൽ നിർദ്ദിഷ്ട ഉദ്യോഗസ്ഥരെ സമീപിച്ച് കൃഷിഭൂമിയിൽ വച്ച് തന്നെയാണ് അതിനെ കൊന്നത് എന്ന് തെളിവുകൾ നൽകുകയും ചെയ്യാം. കൃഷി നശിപ്പിച്ച സ്ഥലം പരിശോധിച്ച് ഉദ്യോഗസ്ഥർക്ക് അത് ഉറപ്പുവരുത്തുകയും ചെയ്യാം. കാർഷിക ഭൂമിയിൽ വച്ച് മുൻകൂർ അനുമതിയോടുകൂടി കൊല്ലുന്ന പന്നികളെ ഭക്ഷിക്കാൻ അനുവദിക്കുകയും വേണം. വനഭൂമിയില്ലാത്ത സ്ഥലത്ത് കാണുന്ന കാട്ടുപന്നികളെ തോക്കുപയോഗിച്ചല്ലാതെ കൊല്ലാനും അനുമതി കൊടുക്കേണ്ടതാണ് എന്നിങ്ങനെയാണ് ടി ഉത്തരവിൽ പൊതുവേ ഉണ്ടായിട്ടുള്ള നിർദ്ദേശങ്ങൾ.

മുങ്ങിമരണങ്ങൾ

12 (*732) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളത്തിൽ വീണുള്ള മരണങ്ങൾ ക്രമാതീതമായി വർദ്ധിക്കുകയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) ചെറുപ്പക്കാരും കുട്ടികളുമാണ് അപകടങ്ങളിൽപ്പെടുന്നതിൽ ഭൂരിഭാഗവുമെന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സമഗ്രമായ ഒരു പഠനത്തിന് നിർദ്ദേശം നൽകുകയും ഇത്തരം അപകടമരണങ്ങൾക്കുള്ള സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഇല്ല.

(ബി) വിനോദയാത്ര, വിരുന്നു സൽക്കാരം എന്നിവയുടെയും മറ്റും ഭാഗമായി അപരിചിതമായ സ്ഥലങ്ങൾ സന്ദർശിക്കാനും താമസിക്കാനും പോകുന്ന ചെറുപ്പക്കാരും, കുട്ടികളും വിനോദ കേന്ദ്രങ്ങളിലെയും, സ്ഥലങ്ങളിലെയും സുരക്ഷാ മുന്നറിയിപ്പുകൾ അവഗണിച്ചുകൊണ്ട് അപകടകരമായ നദികൾ, കുളങ്ങൾ, കായികൾ എന്നിവിടങ്ങളിൽ കുളിക്കാൻ ഇറങ്ങുന്നതുകൊണ്ടാണ് ഇത്തരം അപകടങ്ങളിൽപ്പെടുന്നത്. സുരക്ഷാ മുന്നറിയിപ്പുകൾ ഒന്നും തന്നെയില്ലാത്ത പാറമടകളിലെ കുളങ്ങളിൽ കുളിക്കുന്നതും അപകടങ്ങൾ ക്ഷണിച്ചുവരുത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രധാനപ്പെട്ട എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും, അപകട സാധ്യതയുള്ള നദികൾ, ആറുകൾ, തടാകങ്ങൾ, കുളങ്ങൾ, ശബരിമല ഇടത്താവളങ്ങൾ എന്നിവിടങ്ങളിലും സുരക്ഷാ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. പരിസരവാസികളുടെ സഹകരണത്തോടെ വിനോദയാത്രക്കാർക്ക് മുന്നറിയിപ്പും ബോധവൽക്കരണവും നൽകുകയും, സുരക്ഷാ ഗാർഡുകളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ജനമൈത്രി പോലീസ് സംവിധാനം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയിലൂടെ വിദ്യാർത്ഥികൾക്കും ചെറുപ്പക്കാർക്കും ഇത്തരം അപകട സാധ്യതകളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്.

വിജിലൻസ് കേസുകളിലെ കാര്യക്ഷമത

13 (*733) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി നിയമഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പുതിയ വിജിലൻസ് കോടതികളും ഹൈക്കോടതിയിൽ സ്പെഷ്യൽ ബഞ്ച് എന്നിവയും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ&ബി) വിജിലൻസ് കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് സമയപരിധി നിശ്ചയിച്ച് നൽകുകയും കേസുകളുടെ പുരോഗതി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പോലീസ് സൂപ്രണ്ടുമാരും മറ്റ് മേൽ ഉദ്യോഗസ്ഥന്മാരുമായും അവലോകനം നടത്തിവരുകയും ചെയ്യുന്നു. അതിന്റെ ഭാഗമായി പഴയ കേസുകളുടെ അന്വേഷണം ധൃതഗതിയിൽ പൂർത്തീകരിച്ച് വരുന്നുണ്ട്. കേസുകളുടെ അന്വേഷണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി കേസ് അന്വേഷിക്കുന്ന ഉദ്യോഗസ്ഥർക്ക് അതിനാവശ്യമായ സംവിധാനങ്ങൾ നൽകുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ നിയമഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലില്ല.

483/2016

LIBRARY ARCHIVES Kerala Legislative Assembly